ആ സീനിയോറിറ്റിയിൽ നിന്നും ഓരോ വർഷവും ഹൈസ്കൂളിലേക്ക് പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കാറുള്ളൂ. ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി അദ്ധ്യാപകർ സമർപ്പിച്ച അനവധി പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായും മേൽ പ്രസ്താവിച്ച രീതിയിൽ ലിസ്റ്റ് പൂർത്തിയാക്കുന്നതിന് വേണ്ടി വന്ന കാലതാമസവും നിലവിലുള്ള ലിസ്റ്റിൽ ഇടക്കിടെ രണ്ടു തവണ ഉണ്ടായ നിയമന തടസ്സവും പ്രൊമോഷൻ ഉത്തരവ് വൈകുന്നതിന് കാരണമായി. എന്നിരുന്നാലും പൂർണ്ണമായ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സംവരണമാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള നടപടി

56 (2036) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈവറ്റ് സ്കൂൾ കോളേജ് എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സംവരണ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ഉത്തരം

നിലവിലുള്ള രീതിയിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശ്യമില്ല.

എയ്ഡഡ് യു.പി. സ്കൂൾ അദ്ധ്യാപകനായ ശ്രീ. യു. കൃഷ്ണന്റെ നിയമന അംഗീകാരം

57 (2037) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എയ്ഡഡ് യു.പി. സ്കൂൾ അദ്ധ്യാപകനായ ശ്രീ. കൃഷ്ണൻ എന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറുടെ നിയമനാംഗീകാരം ലഭിക്കുന്നതിനുവേണ്ടി ഒരു നിവേദനം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ കെ2/12879/99 എന്ന ഫയലിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് ഡി.പി.ഐ.ക്ക് കത്തെഴുതിയിരുന്നുവോ ;

(സി) റിപ്പോർട്ട് ആവശ്യപ്പെട്ടത് ഏതു തീയതിയിലാണ് ;

(ഡി) ഇതു സംബന്ധിച്ച് ഡി.പി.ഐ. ഓഫീസിലെ ഫയൽ ഏതാണെന്നും അതിന്മേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്നും വിശദീകരിക്കാമോ ;

(ഇ) നടപടി കൈക്കൊണ്ടിട്ടില്ലെങ്കിൽ കാലതാമസം ഉണ്ടാകാനുള്ള കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കത്തെഴുതിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 3-4-1999-ൽ

(ഡി) ഇതു സംബന്ധിച്ച ഡി.പി.ഐ. ഓഫീസിലെ ഫയൽ നമ്പർ എച്ച്-428945/99 ആണ്. ഡി.പി.ഐ.യുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചു വരികയാണ്.

(ഇ) ചോദ്യം ബാധകമല്ല.

സംസ്ഥാനത്തെ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ തസ്തിക

58 (2038) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ തസ്തിക എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു ;

(ബി) എന്തുകൊണ്ടാണ് ഈ തസ്തികയിലേയ്ക്കുള്ള നിയമനം വൈകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ തസ്തിക ഒഴിഞ്ഞുകിടക്കുന്നതുമൂലം വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നേരിടുന്ന ദൈനംദിന പ്രവർത്തനങ്ങളുടെ തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഡി.പി.ഐ.യിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ തസ്തിക വിദ്യാഭ്യാസവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ തസ്തികയായി മാറ്റിക്കൊണ്ട് സർക്കാർ ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) മുന്നുമാസത്തിലധികമായി ഒഴിഞ്ഞു കിടക്കുന്നു.

(ബി) ഈ തസ്തികയിൽ അനുയോജ്യനായ ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ

59 (2039) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1993 മുതൽ വി.എച്ച്.എസ്.ഇ.യിൽ നോൺ വൊക്കേഷണൽ ലക്ചറേഴ്സ് ആയി ഡെപ്യൂട്ടേഷനിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഇവരുടെ ഡെപ്യൂട്ടേഷൻ കാലാവധി എത്ര വർഷമാണ് ; അതിന്റെ കാലാവധി കഴിഞ്ഞോ എന്നു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly